STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.551/PR/SPMC/PHQ/2020 Date:14.10.2020

# പോലീസ് ഷോർട്ട്ഫിലിം, ഫോട്ടോഗ്രാഫി മത്സരം: അവസാനതീയതി ഒക്ടോബർ 19

പോലീസ് സ്മൃതിദിനത്തോടനുബന്ധിച്ച് നടത്തുന്ന ഷോർട്ട് ഫിലിം, ഫോട്ടോഗ്രാഫി മത്സരങ്ങൾക്ക് ഒക്ടോബർ 19 ന് രാവിലെ 10 മണിവരെ എൻട്രികൾ അയയ്ക്കാം. പോലീസിനെ സംബന്ധിച്ച് തയ്യാറാക്കിയതാവണം ഷോർട്ട്ഫിലിമും ഫോട്ടോകളും.

ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം പരമാവധി മൂന്ന് മിനിറ്റാണ്. മലയാളത്തിലോ ഇംഗ്ലീഷിലോ സംഗീതം മാത്രം ഉപയോഗിച്ചോ ഇവയൊന്നുമില്ലാതെയോ ചിത്രം തയ്യാറാക്കാം. ആർക്കും മത്സരത്തിൽ പങ്കെടുക്കാം. പൂർത്തിയാക്കിയ ചിത്രങ്ങൾ എം.പി4 ഫോർമാറ്റിൽ ഗൂഗിൾ ഡ്രൈവിൽ അപ്‍ലോഡ് ചെയ്തശേഷം thekeralapolice@gmail.com എന്ന വിലാസത്തിൽ ഡൗൺലോഡ് ലിങ്ക് അയയ്ക്കണം. മികച്ച മൂന്നുചിത്രങ്ങൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനവും ലഭിക്കും. പോലീസ് സ്മൃതിദിനമായ ഒക്ടോബർ 21ന് വിജയികളെ പ്രഖ്യാപിക്കും.

വിശദവിവരങ്ങൾ കേരള പോലീസിന്റെയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെയും ഫെയ്സ്ബുക്ക് പേജിൽ ലഭിക്കും.

*********************